


# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025-26

## ജി.വി.എച്ച്.എസ്.എസ്
## ചിറക്കര
### തലശ്ശേരി

# ഉൾത്താളുകൾ


1) ആമുഖം

2) സ്കൂൾ അടിസ്ഥാന വിവരങ്ങൾ

3) ഭൗതികം

4) മികവുകൾ

5) പരിമിതികൾ

6) അക്കാദമിക മികവിന് ഏറ്റെടുത്ത പ്രവർത്തനങ്ങൾ

## ഗവ. വൊക്കേഷനൽ ഹയർ സെക്കന്ററി സ്കൂൾ ചിറക്കര തലശ്ശേരി
## കണ്ണൂർ ജില്ല തലശ്ശേരി സൗത്ത് ഉപജില്ല
## തലശ്ശേരി നഗരസഭ
## ചരിത്ര പശ്ചാത്തലം

അക്ഷര ചരിത്രത്തിന്റെ നാൾവഴിയിൽ വിലമതിക്കാനാവാത്ത സംഭാവനകൾ ലോകത്തിന് സമ്മാനിച്ച തലശ്ശേരിയുടെ വിദ്യാഭ്യാസ രംഗത്ത് എൺപതിലേറെ വർഷത്തെ പാരമ്പര്യം അവകാശപ്പെടാനുള്ള വിദ്യാലയമാണ് ഗവ. വൊക്കേഷനൽ ഹയർസെക്കന്ററി സ്കൂൾ ചിറക്കര.

1940 കൾക്ക് മുമ്പ് ഒരു സ്വകാര്യ വ്യക്തി തലശ്ശേരി കൊടുവള്ളിക്ക് സമീപം നടത്തി വന്ന താഴത്തേടുത്ത് സ്കൂൾ എന്ന പേരിലുണ്ടായിരുന്ന വിദ്യാലയമാണ് ഇന്നത്തെ ചിറക്കര സ്കൂളിന്റെ പൂർവസ്ഥാനികൻ എന്ന് പറയാം. സ്വകാര്യ വ്യക്തിയിൽ നിന്നും 1945 കാലഘട്ടത്തിലാണ് വിദ്യാലയത്തെ തലശ്ശേരി മുനിസിപ്പാലിറ്റി ഏറ്റെടുക്കുന്നത്. അന്ന് കൊടുവള്ളി മിഡിൽ സ്കൂൾ എന്ന പേരിലാണ് സ്ഥാപനം അറിയപ്പെട്ടിരുന്നത്. അക്കാലത്ത് ആദ്യകാല അധ്യാപക അവാർഡ് ജേതാവും മറ്റ് നിലകളിൽ പ്രശസ്തനുമായ കെ. രൈരു നായർ വിദ്യാലയത്തിന്റെ പ്രധാനാധ്യപകനായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. നഗരസഭ ഏറ്റെടുത്തതോടെ മുനിസിപ്പൽ മിഡിൽ സ്കൂൾ എന്ന പേരിൽ ഈ വിദ്യാലയം അറിയപ്പെട്ടിരുന്നു. തുടർന്ന് അധികം താമസിയാതെ പേര് തലശ്ശേരി മുനിസിപ്പൽ ഹൈസ്കൂൾ എന്നായി. സൗകര്യക്കുറവ് കാരണം 1950 ലാണ് വിദ്യാലയം തലശ്ശേരി ബിഷപ്പ് ഹൗസിന് സമീപത്തുള്ള യൂറോപ്യൻ ക്ലബ്ബ് കെട്ടിടത്തിലേക്ക് മാറിയത്. തുടർന്ന് പത്ത് വർഷത്തോളം യൂറോപ്യൻ ക്ലബ്ബ് കെട്ടിടത്തിൽ പ്രവർത്തിച്ചുവന്ന സ്കൂൾ 1960 ലാണ് കെട്ടിടത്തിന്റെ ശോച്യാവസ്ഥ സ്ഥലപരിമിതി തുടങ്ങിയ കാരണങ്ങളാൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന തലശ്ശേരി കൂത്തുപറമ്പ് റോഡിനു സമീപത്തുള്ള ചിറക്കരയിലേക്ക് മാറിയത്.

ഈ കാലയളവിൽ തലശ്ശേരി മുനിസിപ്പൽ ഹൈസ്കൂൾ എന്ന പേരിൽ അറിയപ്പെട്ടിരുന്ന വിദ്യാലയം ഇടക്കാലത്ത് മുനിസിപ്പൽ സെക്കന്ററി സ്കൂൾ എന്നും 1957 ൽ പൂർണമായും സർക്കാർ ഏറ്റെടുത്തതോടെ ഗവ. സെക്കന്ററി സ്കൂൾ തലശ്ശേരി എന്ന പേരിലും അറിയപ്പെടാൻ തുടങ്ങി. തുടക്കത്തിൽ പ്രൈമറി വിഭാഗം മുതൽ പത്താംതരം വരെ പ്രവർത്തിച്ചു വന്നിരുന്നെങ്കിലും ഇടക്കാലത്ത് പ്രൈമറി വിഭാഗം നഷ്ടപ്പെടുകയാണുണ്ടായത്.

1948 ൽ ബ്രണ്ണൻ കോളെജ് ഫസ്റ്റ് ഗ്രേഡ് കോളജായി ഉയർത്തപ്പെട്ടപ്പോൾ ഇന്റർ മീഡിയറ്റ് ക്ലാസുകളോട് ചേർന്നുണ്ടായിരുന്ന ബ്രണ്ണൻ ഹൈസ്കൂൾ ചിറക്കരയിലേക്ക് മാറിയത് മുതലാണ് യഥാർത്ഥത്തിൽ ചിറക്കരയിൽ ഒരു സ്കൂളിന് തുടക്കമിടുന്നത്. പക്ഷേ 1958ൽ ബ്രണ്ണൻ കോളജ് തലശ്ശേരിയിൽ നിന്ന് ധർമടത്തേക്ക് മാറിയതോടെ ചിറക്കരയിൽ പ്രവർത്തിച്ചിരുന്ന ബ്രണ്ണൻ ഹൈസ്കൂളിനെ വീണ്ടും അതിന്റെ പൂർവ്വ സ്ഥാനത്തേക്ക് മാറ്റി. ആ സമയത്ത് ചിറക്കരയിൽ ഒഴിഞ്ഞുകിടന്നിരുന്ന കെട്ടിടത്തിലേക്കാണ് 1960 ൽ മുനിസിപ്പൽ ഹൈസ്കൂൾ മാറ്റപ്പെട്ടത്.

തുടർന്ന് 1965 ആകുമ്പോഴേക്കും സ്കൂളിന്റെ പേര് ഗവ. ഹൈസ്കൂൾ ചിറക്കര എന്നായി മാറി. ഈ കാലഘട്ടത്തിൽ പത്താം ക്ലാസു വരെ പ്രവർത്തിച്ചിരുന്ന ഈ വിദ്യാലയത്തിൽ 1400 ലധികം വിദ്യാർത്ഥികൾ പഠിച്ചിരുന്നു എന്നാണ് രേഖയിൽ കാണാൻ കഴിയുന്നത്. നഗരത്തിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിച്ചിരുന്ന സ്കൂളായിരുന്നു അക്കാലത്ത് ഗവ. ഹൈസ്കൂൾ ചിറക്കര. നിലവിൽ ഹൈസ്കൂൾ വിഭാഗത്തിൽ 8,9,10 ക്ലാസുകളിലായി മലയാളം ഇംഗ്ലീഷ് മീഡിയം ബാച്ചുകൾ പ്രവർത്തിച്ചു വരുന്നു.

1991–92 അക്കാദമിക വർഷത്തിലാണ് വിദ്യാലയത്തിൽ വൊക്കേഷനൽ ഹയർസെക്കന്ററി വിഭാഗം അനുവദിക്കപ്പെട്ടത്. തുടക്കത്തിൽ ഡാറ്റാ പ്രോസസിങ്ങ് ആന്റ് കൺസോൾ ഓപറേഷൻ എന്ന കോഴ്സാണ് ഉണ്ടായിരുന്നത്. വി.എച്ച്.എസ് വിഭാഗം ആരംഭിക്കപ്പെട്ടതോടെയാണ് സ്ഥാപനത്തിന്റെ പേര് ഗവ. വൊക്കേഷനൽ ഹയർ സെക്കന്ററി സ്കൂൾ ചിറക്കര എന്ന് രേഖപ്പെടുത്താൻ തുടങ്ങിയത്. നിലവിൽ മെഡിക്കൽ ലബോറട്ടറി ടെക്നോളജി, ഓട്ടോമൊബൈൽ ടെക്നോളജി, അക്കൗണ്ടിങ്ങ് ആന്റ് ടാക്സേഷൻ, കമ്പ്യൂട്ടർ സയൻസ് ആന്റ് ഇൻഫൊർമേഷൻ ടെക്നോളജി (രണ്ട് ബാച്ചുകൾ) തുടങ്ങി നാല് കോഴ്സുകളിലായി 300 വിദ്യാർത്ഥികൾ ഈ വിഭാഗത്തിൽ പഠിച്ചു വരുന്നു.

2005–06 അക്കദമിക് വർഷത്തിന്റെ തുടക്കത്തിലാണ് വിദ്യാലയത്തിൽ ഹയർ സെക്കന്ററി വിഭാഗം ആരംഭിക്കുന്നത്. ബയോളജി, കമ്പ്യൂട്ടർ സയൻസ് എന്നിവ ഓപ്ഷനായുള്ള രണ്ട് സയൻസ് ബാച്ചുകളും ഒരു കൊമേഴ്സ് ബാച്ചും ഇന്ന് ഹയർ സെക്കന്ററിയിൽ നിലവിലുണ്ട്. 360 വിദ്യാർത്ഥികളാണ് ഈ വിഭാഗത്തിൽ പഠിച്ചുവരുന്നത്. ഹൈ സ്കൂൾ വിഭാഗത്തിൽ കഴിഞ്ഞ 8 വർഷമായി തുടർച്ചയായി 100 % വിജയം കൈവരിക്കാൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്. ഹയർ സെക്കന്ററി വൊക്കേഷനൽ ഹയർ സെക്കന്ററി വിഭാഗത്തിലെ വിജയം ഏതാണ്ട് 85 ശതമാനത്തിലേറെയാണ്.

സാമ്പത്തികമായും സാമൂഹികമായും മുന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികൾ പഠിക്കുന്ന തലശ്ശേരി സൗത്ത് സബ്ജില്ലയിലെ മറ്റ് സ്കൂളുകളിൽ നിന്ന് വ്യത്യസ്തമായി പാർശ്വവൽക്കരിക്കപ്പെട്ട വരുടെയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടേയും മക്കളാണ് ബഹുഭൂരിപക്ഷവും ചിറക്കര സ്കൂളിൽ പഠിക്കുന്നത്.

പാഠ്യേതര പ്രവർത്തനങ്ങളുടെ കാര്യത്തിലും തലശ്ശേരി സൗത്ത് ഉപജില്ലയിലെ നിറ സാന്നിധ്യമാണ് ചിറക്കര സ്കൂൾ. സ്കൂൾ കായിക മേള, കലാമേള, ശാസ്ത്രോൽസവം എന്നിവയിൽ ഹയർസെക്കന്ററി വിഭാഗത്തിൽ നിരവധി തവണ ചാമ്പ്യൻഷിപ്പ്, റണ്ണർ അപ് സ്ഥാനങ്ങൾ കൈവരിക്കാൻ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. വൊക്കേഷനൽ ഹയർസെക്കന്ററി വിഭാഗത്തിൽ 100 വളണ്ടിയർ മാരുള്ള നാഷനൽ സർവീസ് സ്കീം ഹയർസെക്കന്ററി വിഭാഗത്തിൽ ലഹരി വിരുദ്ധ ബോധവൽ ക്കരണത്തിനായ് യുവ വിമുക്തി ക്ലബ് എന്നിവ മാതൃകാപരമായി സ്ഥാപനത്തിൽ പ്രവർത്തിച്ചു വരുന്നു. നിലവിൽ അധ്യാപക അനധ്യാപക തസ്തികയിൽ ജോലിചെയ്യുന്നവരുൾപ്പെടെ 52 സ്ഥിരം ജീവനക്കാരും 7 താൽ ക്കാലിക ജീവനക്കാരും സ്ഥാപനത്തിൽ പ്രവർത്തിച്ചുവരുന്നു.

# സ്കൂൾ പ്രൊഫോർമ I (Academic Year 2025-2026)
## വിദ്യാർത്ഥികളുടെ അംഗസംഖ്യ
## വിദ്യാഭ്യാസ ഡയറക്ടറാഫീസ്, തിരുവനന്തപുരം

| റവന്യൂ ജില്ലയുടെ പേര് : Kannur | | |
|---|---|---|
| 1 | വിദ്യാലയത്തിന്റെ പേര് | Govt.Vocational H S S Chirakkara |
| 2 | വിലാസം | Thalassery |
| 3 | ഫോൺ നമ്പർ | 04903594787 |
| 4 | ഇ-മെയിൽ വിലാസം | ghs.chirakkara@gmail.com |
| 5 | സ്കൂൾ കോഡ് | 14009 |
| 6 | ആൺകുട്ടികൾ/ പെൺകുട്ടികൾ/ രണ്ടുംകൂടിയുള്ളത് | രണ്ടുംകൂടിയുള്ളത് |
| 7 | സർക്കാർ/ എയിഡഡ്/അൺഎയിഡഡ് | Government |
| 8 | ക്ലാസ് ( സ്റ്റാൻഡേർഡ്) | ആരംഭം: 8 അവസാനം: 12 |
| 9 | സ്കൂൾ നടത്തുന്ന സർക്കാർ വകുപ്പിന്റെ പേര * | General |
| 10 | വിദ്യാഭ്യാസ ഉപജില്ല | Thalassery South |
| 11 | വിദ്യാഭ്യാസ ജില്ല | Thalassery |
| 12 | സ്കൂൾ സ്ഥാപിച്ച വർഷം | 1948 |
| 13 | അസംബ്ലി നിയോജകമണ്ഡലം | Thalassery |
| 14 | പാർലമെന്റ് നിയോജകമണ്ഡലം | Vadakara |
| 15 | റൂറൽ/അർബൻ | Urban |
| 16 | ബ്ലോക്ക് | |
| 17 | താലൂക്ക് | Thalassery |
| 18 | പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ | Thalassery |

* വകുപ്പിന്റെ പേര് - പൊതു വിദ്യാഭ്യാസ വകുപ്പ് , ഫിഷറീസ് വകുപ്പ്, ട്രൈബൽ വകുപ്പ്, സാങ്കേതിക വകുപ്പ് മുതലായവ

(മറുപുറം )

# ഭൗതികം

തലശ്ശേരി കൂത്തുപറമ്പ് റോഡിൽ തലശ്ശേരിയിൽ നിന്ന് ഏകദേശം രണ്ട് കിലോമീറ്റർ അകലെയാണ് ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ നിലകൊള്ളുന്നത്. സ്കൂൾ ഗേറ്റിന് മുമ്പിൽ ലിമിറ്റഡ് ബസ് സ്റ്റോപ്പ് ഉൾപ്പെടെയുള്ള ബസ് സൗകര്യവും മറ്റു ടാക്സി സംവിധാനങ്ങളും ലഭ്യമാണ്. വിവിധ ഫണ്ടുകളിലായി നിർമ്മിച്ച അതിമനോഹരമായ കെട്ടിടങ്ങൾ സ്കൂളിനെ ആകർഷകമാക്കുന്നു. പി.ടി.എയുടെ സഹായത്തോടെ ഏട്ടാം ക്ലാസ് അടിസ്ഥാന സൗകര്യങ്ങൾ സമഗ്രമായി ക്രമപ്പെടുത്തിയ സ്മാർട്ട് ക്ലാസായി സംവിധാനിച്ചിട്ടുണ്ട്. സ്കൂൾ ഓഡിറ്റോറിയം, സ്കൂൾ ഓപ്പൺ സ്റ്റേജ്, സ്കൂൾ കഫെ തുടങ്ങിയ സൗകര്യങ്ങൾ ഏറെ ആകർഷകമാണ്. ഹൈസ്കൂൾ, ഹയർസെക്കന്ററി, വി.എച്ച്.എസ്.സി എന്നീ ഓരോ വിഭാഗത്തിനും പ്രത്യേകം കെട്ടിട സംവിധാനമായിട്ടുണ്ട്. ഹൈസ്കൂൾ വിഭാഗത്തിൽ എട്ടുമുതൽ പത്താം ക്ലാസുവരെയാണുള്ളത്. നിലവിൽ 116 കുട്ടികളും 12 അദ്ധ്യാപകരും 4 നോൺ ടീച്ചിംഗ് സ്റ്റാഫും ഉൾപ്പെടുന്നതാണ് ഹൈസ്കൂൾ വിഭാഗം. വിശാലമായ സ്കൂൾ ഗ്രൗണ്ട് ഏറെ ശ്രദ്ധേയമാണ്. കമ്പ്യൂട്ടർലാബ്, ലൈബ്രറി, സ്കൂൾ കൗൺസിലിംഗ് വിംഗ്, സയൻസ് ലാബ് എന്നീ സംവിധാനങ്ങൾക്ക് പ്രത്യേക റൂമുകൾ ലഭ്യമാക്കിയിട്ടുണ്ട്. മികച്ച കൊൺസിലിംഗ് യൂണിറ്റും, ഇൻക്ലൂസീവ് ഇന്റഗ്രേറ്റഡ് പരിശീലനവും സ്കൂളിൽ ലഭ്യമാണ്.

## മികവുകൾ

ജി.വി.എച്ച്.എസ്.എസ് ചിറക്കര സ്കൂളിന് വർഷങ്ങളായി എസ്.എസ്.എൽ.സി പരീക്ഷയിൽ നൂറു ശതമാനം റിസൽട്ടാണ്. 2024- 25 അദ്ധ്യായന വർഷത്തിൽ 58 കുട്ടികൾ പരീക്ഷ എഴുതിയതിൽ 11 കുട്ടികൾക്ക് എല്ലാ വിഷയത്തിനും എപ്ലസും 3 കുട്ടികൾക്ക് ഒൻപത് എപ്ലസും നേടാൻ കഴിഞ്ഞു. കുട്ടികൾക്ക് എല്ലാ വർഷവും യോഗ പരിശീലനവും അടിസ്ഥാന വ്യായാമമുറകളിൽ പരിശീലനവും നൽകി വരുന്നു. കലാകായിക -ശാസ്ത്ര -സാമൂഹ്യശാസ്ത്ര -ഗണിതശാസ്ത്ര-പ്രവൃത്തിപരിചയ മേഖലകളിൽ മികച്ചപ്രകടനം കാഴ്ചവെക്കാൻ സ്ഥാപനത്തിനു കഴിയുന്നുണ്ട്. 2024-25 അദ്ധ്യായന വർഷത്തിൽ മോണോആക്ട്, കോൽ ക്കളി വിഭാഗത്തിൽ സംസ്ഥാന സ്കൂൾ കലോത്സവത്തിൽ പങ്കെടുക്കാനും ഉയർന്ന ഗ്രേഡ് പ്രകടനം കാഴ്ചവെക്കാനും കഴിഞ്ഞു. സ്കൂൾ ലിറ്റിൽ കൈറ്റ്സ് , ജെ.ആർ.സി , എക്കോ ക്ലബ് തുടങ്ങിയ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ വളരെ സജീവവും ശ്രദ്ധേയവുമാണ്.

## പരിമിതികൾ

സ്കൂളിന് വിശാലമായ കളിസ്ഥലവും മറ്റുഅടിസ്ഥാന സൗകര്യങ്ങളുമുണ്ടെങ്കിലും ഹൈസ്കൂൾ , ഹയർസെക്കന്ററി , വി.എച്ച്.എസ്.ഇ കുട്ടികൾ പഠിക്കുന്ന ഈ സ്കൂളിൽ വർ ഷങ്ങളായി കലാകായിക വിഭാഗത്തിന് അദ്ധ്യാപകരില്ല. സ്കൂൾ ലൈബ്രറി , സ്കൂൾ ലാബ് തുടങ്ങിയ സംവിധാനങ്ങൾ കൂടുതൽ വിപുലപ്പെടുത്തേണ്ടതുണ്ട്. വിവിധ ഫണ്ടുകൾ ഉപയോഗിച്ച് പലഘട്ടങ്ങളിൽ നിർമ്മാണപ്രവർത്തനങ്ങൾ തുടരുന്നതിനാൽ സ്കൂൾ കോമ്പൗണ്ട് ആകർഷകമാക്കൽ പദ്ധതി ഇതുവരെയും നടപ്പിലാക്കിയിട്ടില്ല. മഴക്കാലത്ത് വെള്ളകെട്ട് നിൽക്കുന്നതിനാൽ കുട്ടികൾക്ക് നടന്നുപോകാൻ പോലും ബുദ്ധിമുട്ടാണ്.

# അക്കാദമിക മികവിന് ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

1) മാതൃഭാഷാ ശേഷി വികാസ പ്രവർത്തനങ്ങൾ
2) സ്പോക്കൺ ഇംഗ്ലീഷ്
3) ഗണിത ശേഷി വികാസം
4) വായനാ പരിപോഷണം
5) ലാബ് പുനക്രമീകരണം
6) ലൈബ്രറി ശാക്തീകരണം
7) ശാസ്ത്രപോഷണ പരിപാടി
8) സ്കോളർഷിപ്പ് പരിശീലനം
9) പഠനയാത്രകൾ
10) യോഗപരിശീലനം
11) അടിസ്ഥാന ശാരീരിക വ്യായാമപരിശീലനം
12) കൈയെഴുത്ത് മാഗസിനുകൾ
13) ശലഭോദ്യാനം
14) ദിനാചരണങ്ങൾ
15) ചിത്രരചനാ ക്യാമ്പ്
16) ശാസ്ത്ര - ഗണിതശാസ്ത്ര - പ്രവൃത്തിപരിചയ മേളകൾ
17) സ്കൂൾ അലങ്കരിക്കൽ
18) ഭിന്നശേഷിക്കാരുടെ ശാക്തീകരണം
19) പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ
20) ലഹരി ബോധവൽക്കരണ പ്രവർത്തനങ്ങൾ
21) ഐ.ടി പഠനം കാര്യക്ഷമമാക്കൽ
22) ഫോട്ടോഗ്രാഫി പരിശീലനം
23) വ്യക്തിവികാസ പരിശീലനകളരികൾ
24) സാഹിത്യ സാംസ്കാരിക കൂട്ടായ്മകൾ

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം, (ആഗസ്ത്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.<br>13. ആസ്വാദകരമായ വായന<br>14. ഇ - വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ, അധ്യാപകർ |

## മേഖല - ഹൈസ്കൂൾ - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ-സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ, പുസ്തകങ്ങൾ | പി.ടി.എ, അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം, (ജൂലൈ-ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രെയിനർ, അധ്യാപകർ |

## മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | Spoken English Class<br>English Library നവീകരണം.<br>English Corner Story Time<br>English Cartoon പ്രദർശനം<br>English Assembly | അവധിക്കാലം / ശനിയാഴ്ചകൾ | പി.ടി.എ, ടീച്ചേർസ് | പി.ടി.എ, മാനേജ്മെന്റ് |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema & Documentary- Profile & Script തയ്യാറുക്കുന്നതിനുവേണ്ടി English Cinema യുടെ ചിലരംഗങ്ങൾ പ്രദർശിപ്പിക്കുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേർസ്, SRG | ഇംഗ്ലീഷ് ക്ലബ്ബ്, മാനേജ്മെന്റ് |
| | Role play, English Day ആചരണം, Seminar ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | School English Voice, അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | പി.ടി.എ, SRG, ടീച്ചേർസ് | ഇംഗ്ലീഷ് ക്ലബ്ബ് |
| | ചിത്രവായന, ലഘുകഥ നിർമ്മാണം, Public Speaking, Simply Games, English പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions | ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | പി.ടി.എ, ടീച്ചേർസ് | |
| 4) നാടകീകരണം | English Assembly, Skit, Puppet Show, English Lab | ക്ലാസ് റൂം പ്രവർത്തനങ്ങൾ | പി.ടി.എ, SRG, ടീച്ചേർസ് | പി.ടി.എ |
| | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ശനിയാഴ്ചകൾ, ക്യാമ്പ് | ഇംഗ്ലീഷ് ക്ലബ്ബ് | രക്ഷിതാക്കൾ |

## മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം. | ക്ലാസ് പ്രവർത്തനങ്ങൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | വെക്കേഷൻ, ശനിയാഴ്ചകൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു.<br>Book Reviews<br>രചനകളുടെ പ്രദർശനം (Magazine) | വർഷത്തിൽ രണ്ട് പ്രാവശ്യം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 6) സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു. | വെക്കേഷൻ (ഓണം, ക്രിസ്മസ്) | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, SRG, മാനേജ്മെന്റ് |
| | English fest, English film കാണാനുള്ള അവസരം | അക്കാദമിക വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്ബ് | |
| 7) സംവാദ സദസുകൾ സംഘടിപ്പിക്കുക | Native Speakers മൊത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു. | ശനിയാഴ്ചകൾ/വെക്കേഷൻ | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| | ഇപ്പോൾ ജീവിച്ചിരിക്കുന്ന English writers, Poets-യുമായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. | അക്കാദമിക വർഷം രണ്ട് തവണ | | |

# സംസ്കൃതം

| ലക്ഷ്യം | | കാലയളവ് | പഠനോപകരണങ്ങൾ, | സാമ്പത്തികം | ക്ലാസിതരപ്രവർത്തനങ്ങൾ |
|---|---|---|---|---|---|
| * എല്ലാ കുട്ടികളെയും ഭാഷാപഠന തൽപരരാക്കുന്നു.<br><br>* അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക | കുട്ടികളുടെ പഠന മികവുകളും പരിമിതികളും മനസ്സിലാക്കി അവരുടെ സാധ്യതകൾക്കനുസരിച്ചുള്ള പഠന പ്രവർത്തനങ്ങളും പഠന രീതികളും സ്വീകരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പാഠപുസ്തകങ്ങൾ, ചിത്രങ്ങൾ, വീഡിയോ. | അധ്യാപിക | അനുരൂപീകരണ തലം<br><br>സഹപാഠികളുടെ പിന്തുണ<br><br>പഠനപ്രവർത്തനങ്ങളിൽ സഹായിക്കൽ<br>ഗ്രൂപ്പ് തല പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തൽ |
| വായനാവാരത്തോട് ബന്ധപ്പെടുത്തിയു ള്ള ക്ലാസ് തല പ്രവർത്തനം | രചന ശില്പശാല അധ്യാപകൻ ഒരു പുസ്തകം പരിചയപ്പെടുത്തി അവലോകനം പറയുന്നു. | | | | |
| സാഹിത്യാഭിരുചി വളർത്താൻ ഉള്ള പ്രവർത്തനങ്ങൾ | കുട്ടികൾ പുസ്തകാവലോകനം തയ്യാറാക്കുന്നു. | | | | |
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകൽ. | പ്രശ്നോത്തരി<br>മാഗസിൻ,കഥ, കവിത ഉപന്യാസം എന്നിവകുള്ള പരിശീലനം, സൃഷ്ടി. | | | | |
| സംസ്കൃത ദിനാചരണം<br>സ്കൂൾതല മത്സരങ്ങൾ | ഔപചാരിക ക്ലബ്ബ് രൂപീകരണം<br>സംസ്കൃത സന്ദേശം,ഒരു പ്രമുഖ വ്യക്തിയുടെ | | | | |

| | | | | | |
|---|---|---|---|---|---|
| നടത്തി സബ്ജില്ലാ ജില്ലാതലത്തിൽ പങ്കെടുപ്പിക്കൽ. സ്വാതന്ത്ര്യദിനം | ക്ലാസ്, സംസ്കൃതം പ്രാർത്ഥന.വന്ദേമാതരാലാപനം. | | | | |
| ഭാഷാപഠനം കലാപരിചയം | കലോത്സവത്തിനായി സംസ്ഥാന അധ്യാപകർ കുട്ടികളെ കണ്ടെത്തി കലാരൂപങ്ങൾ പരിചയപ്പെടുത്തി പരിശീലനം നൽകുന്നു. ഭാഷാ പ്രാധാന്യം കണക്കിലെടുത്ത് കഥ,സമസ്യ, സിദ്ധരൂപം എന്നിങ്ങനെ പ്രത്യേകം സജ്ജരാക്കുന്നു. | | ചിത്രങ്ങൾ, വീഡിയോ. | | സബ്ജില്ലാ ജില്ല മത്സരാർത്ഥികൾക്ക് സംസ്കൃത അധ്യാപക കൂട്ടായ്മ സമ്മാന ദാനം നൽകുന്നു. |
| സംഭാഷണ ശിബിരം | പരീക്ഷാസംബന്ധമായി കുട്ടികളുടെ ഭാഷാപ്രയോഗ സാമർത്ഥ്യം മെച്ചപ്പെടുത്തുന്നതിന്. എല്ലാ കുട്ടികളും താല്പര്യത്തോടെ പങ്കെടുക്കും. | | | | |
| പഠനയാത്ര | പാഠഭാഗവുമായി ബന്ധപ്പെട്ട ഏതെങ്കിലും ഒരു സ്ഥലസന്ദർശനം. | | | | |
| മത്സര പരീക്ഷകൾക്കുള്ള പ്രത്യേക പരിശീലനം. | രാമായണ പ്രശ്നോത്തരി,സംസ്കൃത പ്രശ്നോത്തരി, യുഎസ്എസ്, സംസ്കൃത സ്കോളർഷിപ്പ് പരീക്ഷ പരിശീലനം. പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് പ്രീ മോഡൽ, മോഡൽ, എസ്എസ്എൽസി പരീക്ഷ പരിശീലനം | | | | |

## മേഖല – ഹൈസ്കൂൾ – ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) രാഷ്ട്ര ഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു. | കഥ വായന, കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| 2) മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ, നോവലുകൾ, സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| | ഹിന്ദി തിയേറ്ററുകൾ സജീകരിക്കുക. | | | |
| 3) വിവർത്തകർ, വാർത്ത വായനക്കാർ, ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലി സാധ്യതയ്ക്കായി കുട്ടികളെ പ്രാപ്തരാക്കുക. | ഹിന്ദി മാതൃഭാഷയായിട്ടുള്ള പ്രദേശങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | രക്ഷിതാക്കൾ |
| | പ്രശസ്ത ജേർണലിസ്റ്റുകളുമായുള്ള അഭിമുഖം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | പി.ടി.എ |

## മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | **കാടും മേടും:** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>**വയൽ കിളികൾ:** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തീയ്യതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യ ബോധം ഇവ വളർത്തുക. | **ഒന്നായി നമ്മൾ:** സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസുകൾ |
| 3) സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | **സ്റ്റാർട്ട് അപ്പ്:** സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 4) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:** സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 5) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം, കൈവരിക്കുക. | **പട്ടുപാതയിലൂടെ:** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു; ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

## മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ഉന്നത നില വാരം കൈവരിക്കാൻ ഉത കുന്ന പൊതുവിജ്ഞാനം വളർത്തുക. | **മൈ സിനിമ റൂം:** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | **ചരിത്ര കൊട്ടാരം:** വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

## മേഖല – ഹൈസ്കൂൾ – സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) **അത്ഭുത കണ്ണിലൂടെ:** കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| | ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| 2) **ശാസ്ത്ര ലോകത്തേക്ക്:** നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| 3) **ഹൈടെക് വേൾഡ്:** മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക. | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| | സയൻസ് ലാബ്, ഐ.ടി. ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 4) **ആയുർരേഖ:** പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |

## മേഖല – ഹൈസ്കൂൾ – സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) **വൈജ്ഞാനിക ബഹിർസ്ഫുരണം:** അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ. | അക്കാദമിക വർഷം | ആരോഗ്യ ക്ലബ്ബ്, ഹരിത സേന സീഡ് | കൃഷി വകുപ്പ്, ഹരിത സേന സീഡ് |
| | സമ്പൂർണ്ണ പ്ലാസ്റ്റിക്ക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |
| | ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം 1 തവണ | സയൻസ് ക്ലബ്ബ് | മാനേജ്മെന്റ് |

## മേഖല – ഹൈസ്കൂൾ – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ആശയ ധാരണ കൈവരിക്കൽ | **ഒപ്പത്തിനൊപ്പം,** പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക്ക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2) നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | ടീച്ചേർസ് ഗ്രാന്റ് |
| 3) ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ. | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 4) ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ. | ശില്പശാല നടത്തുന്നു, ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, ഗണിത ക്ലബ്ബ് | പി.ടി.എ |
| 5) സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ, സംഘ തലവൻ | |
| 6) അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം, തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ, മുതിർന്ന അധ്യാപകർ | |

## മേഖല – ICT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 5) നിത്യജീവിതത്തിൽ സ്വതന്ത്ര സോഫ്റ്റ് വെയറുകൾ കൂടുതൽ ഉപയോഗിക്കുന്നതിനുള്ള പ്രാപ്തി ഓരോ വിദ്യാർത്ഥിയും നേടുക. അതുവഴി സ്വതന്ത്ര സോഫ്റ്റ് വെയറുകളുടെ ഉപയോഗം പ്രചാരത്തിലാക്കുക. | സ്വതന്ത്ര സോഫ്റ്റ് വെയറുകളുടെ പ്രചാരണം കുട്ടികളിലൂടെ നടത്തുന്നു. | അക്കാദമിക വർഷം | ഐ.ടി. അധ്യാപകർ | |
| 6) സ്മാർട്ട് ക്ലാസ് റൂം ഫലപ്രദമായ രീതിയിൽ ഉപയോഗം | വിഷയാധിഷ്ഠിതമായി ICT ഉപയോഗിച്ച് കൊണ്ട് ക്ലാസ് റൂം സജീവമാക്കുന്നു. | അക്കാദമിക വർഷം | ഐ.ടി. അധ്യാപകർ | |

## മേഖല – ICT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ ചർച്ച രീതിയിൽ ICT സഹായത്തോടെ പൂർത്തിയാക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക. | സ്കൂൾ അധ്യാപക പരിശീലനങ്ങൾ സംഘടിപ്പിക്കുക: ഓരോ കാലഘട്ടത്തിലും മാറി വരുന്ന സോഫ്റ്റ് വെയറുകൾ ICT ഉപകരണങ്ങൾ എന്നിവ അധ്യാപകർക്ക് പരിചയപ്പെടുത്തുകയും അതുവഴി പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | പി.ടി.എ |
| 2) വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന വിഭവങ്ങൾ തയ്യാറാക്കുന്നതിലൂടെ പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക. | ICT പഠന വിഭവങ്ങൾ സ്കൂൾ തലത്തിൽ തയ്യാറാക്കുക ഇതിനായി സ്കൂൾ തലത്തിൽ ICT ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | പി.ടി.എ |
| 3) പഠന പ്രവർത്തനങ്ങളിലൂടെ പ്രായോഗിക പരിശീലനം സാധ്യമാക്കുക. | ഹ്രസ്വ ചലച്ചിത്ര നിർമ്മാണങ്ങൾ സംഘടിപ്പിക്കുക. ഇതു വഴി പഠനത്തിലൂടെ പരിചയിച്ച സാങ്കേതിക വിദ്യകൾ പ്രായോഗിക തലത്തിൽ ഉപയോഗിക്കാനുള്ള കഴിവുകൾ നേടുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | ഐ.ടി. ക്ലബ്ബ് |
| 4) ഓരോ കാലഘട്ടത്തിലും സാങ്കേതിക വിദ്യകൾ നൂതനമാക്കുന്നതോടൊപ്പം ദുരുപയോഗം നടക്കുന്നു. ഇത്തരം ദുരുപയോഗങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഓരോ കാലഘട്ടത്തിലും ബോധവൽക്കരിക്കുക. | സൈബർ ദുരുപയോഗങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം: മാറിമാറിവരുന്ന സാങ്കേതിക വിദ്യകളെക്കുറിച്ച് ഓരോ കാലഘട്ടത്തിലും രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബോധവൽക്കരിക്കുന്നതിനാവശ്യമായ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സൈബർ സെൽ, ചൈൽഡ് ലൈൻ | |

## മേഖല – ഹൈസ്കൂൾ – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 7) ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവന കൾ | ഗണിത ഗ്രാമം: കുട്ടികൾ കൂടാതെ സമീപ പ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ചകളിലും, മറ്റ് അവധി ദിവസങ്ങളിലും | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ്, മാനേജ്മെന്റ് |
| 8) ഗണിത മത്സരവേദിയി ലേക്ക്: മേളകളിൽ ഊർജ്ജ സ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ. മത്സ രങ്ങൾക്ക് പ്രാപ്തരാക്കൽ. | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 9) ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപ കരണങ്ങൾ ശേഖരിക്കൽ. | മെയ് / ജൂൺ | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 10) രക്ഷിതാക്കളെ ബോധ വൽക്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ നടത്തുന്ന ചുമതലകൾ നൽകുന്നു. | എല്ലാ അധ്യാപകരും | അധ്യാപകർ, HM, പി.ടി.എ. പ്രസിഡണ്ട് | |

ei052TA13677.jpg




https://mail.google.com/mail/u/0/#all/FMfcgzQbgLmdxgwljGBZ...